നം.10/എൻഎസ്എസ്/ഡിഎച്ച്എസ്ഇ/2018 24/01/2018

## ദേശീയ സമ്മതിദായക ദിനം

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യഭരണ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യ.1947 ൽ സ്വാതന്ത്ര്യം ലഭിച്ചശേഷം സാർവത്രികമായ പ്രായപൂർത്തി വോട്ടവകാശ ത്തിന്റെ അടിസ്ഥാനത്തിൽ (**Universal Adult Franchise**) ഗവൺമെന്റുകൾക്ക് രൂപംനൽകാൻ ദേശീയ നേതാക്കൾക്കും ഭരണഘടനാ ശില്പികൾക്കും സാധിച്ചിട്ടുണ്ട്.ഈ മഹത്തായ ഭരണ സംവിധാനത്തിൽ പൗരൻമാർക്ക് ഗവൺമെന്റുകളുടെ ഭാവി നിർണ്ണയിക്കുന്നതിൽ നിർണ്ണായക മായ സ്വാധീനമാണുള്ളത്. ഈ സംവിധാനം ഗുണകരമായി നിലനിൽക്കേണ്ടത് രാജ്യത്തിന്റെ പരമാധികാര സോഷ്യലിസ്റ്റ് ജനാധിപത്യ,മതേതര ഭാവിക്ക് അത്യന്താപേക്ഷിതമാണ്. ഇതിനായി പതിനെട്ടുവയസ്സുതികഞ്ഞ ഏതൊരു വ്യക്തിയും തങ്ങളുടെ സമ്മതിദാന അവകാശം വിനിയോ ഗിക്കേണ്ടതാണ്.

രാജ്യത്ത് യുവ വോട്ടർമാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടന്നത് ശുഭകരമായ വസ്തുതയാണ്..എന്നാൽ പതിനെട്ട് വയസ് തികഞ്ഞ ചിലരെങ്കിലും വോട്ടർ പട്ടികയിലേക്ക് പേരു ചേർക്കുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്.ഈ പ്രശ്നത്തെ ക്രിയാത്മക മായി അഭിമുഖീകരിക്കുന്നതിനുവേണ്ടി രാജ്യത്ത് ഇലക്ഷൻ കമ്മീഷൻ നിലവിൽ വന്ന ജനുവരി 25-ാം തീയതി ദേശീയ സമ്മതിദായക ദിനമായി ആചരിക്കുകയാണ്.ഇതിന്റെ ഭാഗമായി എൻ.എസ്.എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളിൽ ജനാധിപത്യമൂല്യങ്ങൾ ലഭിക്കത്തെക്കരീതിയിൽ ഡിബേറ്റുകൾ,മോഡൽ തെരെഞ്ഞെടുപ്പുകൾ,ചിത്രരചന,ക്വിസ് മൽസര ങ്ങൾ,പ്രസംഗമൽസരങ്ങൾ, മോഡൽ പാർലമെന്റ് മുതലായവയിലേതെങ്കിലും സംഘടിപ്പി ക്കേണ്ടതാണ്.

എൻ.എസ്.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ അന്നേ ദിവസം 11 മണിക്ക് ദേശീയ സമ്മതിദായക പ്രതിജ്ഞ വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥകളും എടുക്കേണ്ടതാണ്. പ്രസ്തുത പ്രവർത്തനങ്ങളുടെ റിപ്പോർട്ടും ഫോട്ടോകളും ജില്ലാമെയിലുകളിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഒപ്പ്/-

പ്രോഗ്രാം കോഡിനേറ്റർ

## പ്രതിജ്ഞ

“ ജനാധിപത്യത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഭാരതത്തിന്റെ പൗരൻമാരായ നമ്മൾ

രാജ്യത്തിന്റെ ഉന്നതമായ ജനാധിപത്യ പാരമ്പര്യവും

സ്വതന്ത്രവും സാമാധാന പരവുമായ തെരഞ്ഞെടുപ്പെന്ന അഭിമാനവും ഉയർത്തിപ്പിടിക്കുമെന്നും

രാജ്യത്തെ എല്ലാ തെരെഞ്ഞെടുപ്പുകളിലും ഭീതികൂടാതെയും

ജാതി,മത,വർഗ്ഗ,സമുദായ ചിന്തകളാലോ

മറ്റു പ്രേരണകളാലോ സ്വാധീനിക്കപ്പെടാതെയും

വോട്ടു രേഖപ്പെടുത്തുമെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു”.